**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **08-08-2023 - ൽ മറുപടിയ്ക്ക്**

**അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിൽ 11-ാം വാർഡിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരണമടഞ്ഞ ഗുരുദത്ത് എന്ന കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് പ്രദേശത്ത് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പാണാവള്ളി പഞ്ചായത്തിൽ 11-ാം വാർഡിൽ കുട്ടിക്ക് രോഗം സംശയിച്ചിരുന്ന സമയത്ത് തന്നെ പ്രതിരോധ നടപടികൾ തുടങ്ങിയിരുന്നു. രോഗസ്ഥിരീകരണം വന്നതിന് ശേഷം ഉടൻ തന്നെ ART meeting കൂടുകയും, ഈ കുട്ടിയോടൊപ്പം നീന്തിയ കുട്ടികളെ നിരീക്ഷണത്തിലാക്കുകയും ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും പാണാവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ പ്രദേശത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രദേശവാസികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുകയും 08.06.2023-ന് ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തോട് ശുചീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും തോടിന് സമീപമുള്ള മാർക്കറ്റിലെ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, കച്ചവടക്കാർക്കും, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നൽകുകയും, തോട്ടിലേക്ക് മാലിന്യം ഒഴുക്കുന്ന സാഹചര്യം ഒഴിവാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ജില്ലാ സർവെയിലൻസ് ഓഫീസറും, ടെക്നിക്കൽ അസിസ്റ്റന്റും സ്ഥലം സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രദേശത്തെ കായലിലും തോടുകളിലും അടിഞ്ഞു കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (ബി) | തൈകാട്ടുശ്ശേരി, പാണാവള്ളി പഞ്ചായത്തുകളുടെ അതിർത്തി പങ്കിടുന്ന പ്രദേശത്തെ തോടുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രണ്ടു പഞ്ചായത്തുകളിലെ സെക്രട്ടറിമാർ തൈകാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ